13 (*99) നാഷണൽ ഹൈവേകളിലെയും റെയിൽപ്പാത കളിലെയും മേൽപ്പാലങ്ങളുടെ നിർമ്മാണം

ശ്രീ. സി.കെ. രാജേന്ദ്രൻ :

ശ്രീ. എ. കണാരൻ :

ശ്രീ. എ. അലിഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേകളിലെയും റെയിൽപ്പാതകളിലെയും മേൽപ്പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് മേൽപ്പാലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) മേൽപ്പാലങ്ങളുടെ നിർമ്മാണത്തിൽ കേന്ദ്രസർക്കാരും റെയിൽവേയും എന്തൊക്കെ നിബന്ധനകളാണ് മുന്നോട്ട് വച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പൊതുമരാമത്ത് വകുപ്പിലെ നാഷണൽ ഹൈവേ വിഭാഗത്തിന്റെ അനാസ്ഥമൂലം പല മേൽപ്പാലങ്ങളുടെയും നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചുവോ;

(ഇ) സംസ്ഥാനത്ത് മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി എന്തെങ്കിലും തുക ബഡ്ജറ്റിൽ വക കൊള്ളിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്ത് ഏതൊക്കെ മേൽപ്പാലങ്ങളുടെയും അണ്ടർ ബ്രിഡ്ജുകളുടേയും നിർമ്മാണമാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ജി) ബി.ഒ.ടി. വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ അവശേഷിക്കുന്ന മേൽപ്പാലങ്ങളുടെ നിർമ്മാണം ഏറ്റെടുക്കാൻ സർക്കാരിന് എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ)&(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ റെയിൽവേ വർക്സ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ള 14 പണികൾ ചെലവു പങ്കിടൽ വ്യവസ്ഥയിൽ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇവയിൽ പടന്നക്കാട്, പള്ളിക്കര, ചോറോട്, ചാലക്കുടി, വെങ്ങളം, വെങ്ങാലി മുഴുപ്പിലങ്ങാട് എന്നിവയുടെ ജി.എ.ഡി. സംസ്ഥാന സർക്കാർ അംഗീകരിച്ച് റെയിൽവേയ്ക്ക് നൽകിയിട്ടുണ്ട്. നന്തി, ചെങ്കോട്ടുകാവ് എന്നിവയുടെ അലൈൻമെന്റ് സംബന്ധിച്ച വിവരങ്ങളും ചൊവ്വാ, നടാൽ എന്നിവയ്ക്ക് ജി.എ.ഡി. തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങളും റെയിൽവേയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ വെസ്റ്റ് ഹിൽ, ഇരിങ്ങാലക്കുട (കല്ലേറ്റുംകര) ഇടപ്പള്ളി എന്നിവ സംയുക്ത പരിശോധന നടത്തി മേൽനടപടികൾ സ്വീകരിച്ചവരുന്നുണ്ട്. ഇവ കൂടാതെ ഡെപ്പോസിറ്റ് വ്യവസ്ഥയിൽ ചാക്ക, കല്ലുതാഴം, പന്നിയങ്കര, വടക്കാഞ്ചേരി, പീലിക്കോട് എന്നീ പണികളും നടപ്പാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) നിലവിലുള്ള റെയിൽപ്പാതയ്ക്കു കുറുകെ പുതുതായി നാഷണൽ ഹൈവേ നിർമ്മിക്കുമ്പോൾ മേൽപ്പാലത്തിന്റെ ചെലവ് കേന്ദ്ര ഉപ

LIBRARY ARCHIVES Kerala Legislative Assembly

രിതവ ഗതാഗത വകുപ്പും നിലവിലുള്ള നാഷണൽ ഹൈവേയ്ക്ക് കുറുകെ പുതിയ റെയിൽപാത കടക്കുമ്പോൾ ചെലവ് റെയിൽവേയും വഹിക്കും. റെയിൽവേയും റോഡും നിലവിലുള്ള സ്ഥലങ്ങളിൽ ട്രെയിൻ വെഹിക്കിൾ യൂണിറ്റ് ഒരു ലക്ഷത്തിലധികമാണെങ്കിൽ റെയിൽവേ വകുപ്പും ബന്ധപ്പെട്ട സർക്കാരും ചെലവ് പങ്കിടൽ അടിസ്ഥാനത്തിലും അതിൽ കുറവാണെങ്കിൽ സംസ്ഥാന സർക്കാരിന്റെ ചെലവിൽ ഡെപ്പോസിറ്റ് വർക്കായും പണി നടത്തുന്നതാണ്.

(ഡി) നാഷണൽ ഹൈവേ 17-ലെ നിലവിലുള്ള ലവൽ ക്രോസിംഗുകളിൽ ഓവർബ്രിഡ്ജുകൾ പണിയുന്നതിന് സമയ ബന്ധിതമായ പരിപാടികൾ പൊതുമരാമത്തു വകുപ്പിലെ നാഷണൽ ഹൈവേ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് 329.40 ലക്ഷം രൂപാ നടപ്പു സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ പുതിയ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി 4 കോടി രൂപ കൂടി ലഭ്യമാക്കാമെന്ന് ധനകാര്യമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ ഉറപ്പുനൽകിയിട്ടുണ്ട്

(എഫ്) വർക്കല ആർ.യു.ബി വേലൂർ ആർ.ഒ.ബി.

വടക്കാഞ്ചേരി ആർ ഒ ബി

അകപ്പറമ്പ് ആർ ഒ ബി

കളമശ്ശേരി ആർ ഒ ബി

(ജി) ഹഡ്കോയുടെ സാമ്പത്തിക സഹായത്തോടെ മേൽപ്പാലങ്ങളുടെ പണി ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചു വരുന്നുണ്ട്.

14 (*100) ഏകീകൃത പരീക്ഷാ കലണ്ടർ

പ്രൊഫ. മീനാക്ഷി തമ്പാൻ :

ശ്രീ. കെ. പ്രകാശ് ബാബു :

ശ്രീമതി ആർ. ലതാദേവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വകലാശാലകളിൽ ഏകീകൃത പരീക്ഷാ കലണ്ടർ പ്രാബല്യത്തിൽ കൊണ്ടുവരണമെന്ന് ഐ.യു.സി.സി.ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) ഇന്റർ യൂണിവേഴ്സിറ്റി കൺസൽട്ടേറ്റീവ് കമ്മിറ്റിയുടെ മറ്റു ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഈ ശുപാർശകൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): (എ) ഉണ്ട്.

(ബി) കമ്മിറ്റിയുടെ മറ്റു ശുപാർശകൾ താഴെ പറയുന്നു.

1) സർവകലാശാലകളിലെ ഫീസ് ഏകീകരിക്കുക ഫീ റിവിഷൻ കമ്മിറ്റിയുടെ ശുപാർശകൾ അംഗീകരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly